**ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടിയും, രാജ്യത്തിന്റെ യാഥാർഥ്യത്തിനും പ്രത്യക്ഷതയ്ക്കുംവേണ്ടിയും, കർത്താവിന്റെ വരവിനുവേണ്ടി മണവാട്ടി തന്നെത്താൻ ഒരുക്കുന്നതിനുവേണ്ടിയും നല്ലദേശത്താൽ മുൻകുറിക്കപ്പെടുന്ന സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്മേൽ അധ്വാനിക്കുന്നു**

ദൂത് പത്ത്

# ക്രിസ്തുവിനെ നല്ലദേശമായി കൈവശമാക്കുന്നതിന് നാം കാണുകയും അനുഭവമാക്കുകയും ചേയ്യേണ്ട നിയന്ത്രക പ്രമാണങ്ങൾ

EM *Hymns:* 239

തിരുവെഴുത്ത് വായന: കൊലൊ. 2:6; 1 കൊരി. 6:17; 12:12-13; പ്രവൃ. 9:3-5; പുറ. 13:21-22; കൊലൊ. 4:2

Col. 2:6 ആകയാൽ നിങ്ങൾ യേശു കർത്താവായ, ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ, അവനിൽ നടക്കുവിൻ,

1 Cor. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

1 Cor. 12:12 എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും.

1 Cor. 12:13 യെഹൂദന്മാരോ യവനന്മാരോ ആകട്ടെ, അടിമകളോ സ്വതന്ത്രരോ ആകട്ടെ, നമ്മെ എല്ലാവരെയും ഒരു ആത്മാവിൽ ഒരു ശരീരത്തിലേക്ക് സ്നാനപ്പെടുത്തുകയും, എല്ലാവർക്കും ഒരു ആത്മാവിനെ പാനം ചെയ്യുവാൻ നൽകുകയും ചെയ്തു.

Acts. 9:3 അവൻ പോകുമ്പോൾ, അവൻ ദമസ്കൊസിനു സമീപം എത്തി, പെട്ടെന്ന് സ്വർഗത്തിൽനിന്ന് ഒരു വെളിച്ചം അവനു ചുറ്റും മിന്നി.

Acts. 9:4 അവൻ നിലത്തു വീണു, അവനോട്, ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്? എന്നു പറയുന്ന ഒരു ശബ്ദം കേട്ടു.

Acts. 9:5 നീ ആരാകുന്നു കർത്താവേ? എന്ന് അവൻ ചോദിച്ചതിന്, നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ.

Exo. 13:21 അവർ പകലും രാവും യാത്രചെയ്‌വാൻ തക്കവണ്ണം അവർക്കു വഴികാണിക്കേണ്ടതിന്നു പകൽ മേഘസ്തംഭത്തിലും അവർക്കു വെളിച്ചം കൊടുക്കേണ്ടതിന്നു രാത്രി അഗ്നിസ്തംഭത്തിലും യഹോവ അവർക്കു മുമ്പായി പൊയ്ക്കൊണ്ടിരുന്നു.

Exo. 13:22 പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവും ജനത്തിന്റെ മുമ്പിൽനിന്നു മാറിയതുമില്ല.

Col. 4:2 പ്രാർഥനയിൽ ഉറ്റിരിക്കുവിൻ, സ്തോത്രത്തോടെ അതിൽ ജാഗരിക്കുവിൻ,

**I. "ആകയാൽ നിങ്ങൾ യേശു കർത്താവായ, ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ, അവനിൽ നടക്കുവിൻ"—കൊലൊ. 2:6:**

A. നാം ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ, നാം അവനിൽ നടക്കണം; അവനിൽ നടക്കുകയെന്നാൽ, യിസ്രായേൽമക്കൾ നല്ലദേശത്തിൽ അതിന്റെ സമ്പന്നമായ എല്ലാ വിളവുകളും ആസ്വദിച്ചുകൊണ്ട് ജീവിച്ചതുപോലെ, നാം അവന്റെ സമ്പന്നത ആസ്വദിക്കത്തക്കവണ്ണം, ക്രിസ്തുവിൽ ജീവിക്കുകയും പ്രവർത്തിക്കുകയും പെരുമാറുകയും നമ്മുടെ ആളത്തം അവനിൽ വയ്ക്കുകയും ചെയ്യുന്നതാണ്.

B. നമ്മുടെ ആസ്വാദനമായിരിക്കുവാൻ നമ്മുടെ ആത്മാവിൽ വസിക്കുന്ന (2 തിമൊ. 4:22; റോമ. 8:16) സർവവും-ഉൾക്കൊള്ളുന്ന ആത്മാവെന്ന നിലയിൽ (ഗലാ. 3:14) ക്രിസ്തു ആണ് ഇന്ന് നല്ലദേശം.

Gal. 3:14 അത് അബ്രാഹാമിന്റെ അനുഗ്രഹം ക്രിസ്തു യേശുവിൽ ജാതികൾക്ക് വരേണ്ടതിന്, നാം വിശ്വാസത്താൽ ആത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കേണ്ടതിനാകുന്നു.

2 Tim. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

Rom. 8:16 നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു.

C. ആത്മാവിൻപ്രകാരവും ആത്മാവിനാലും നടക്കുന്നതാണ് (വാ. 4; ഗലാ. 5:16) പുതിയനിയമത്തിലെ കേന്ദ്രീയവും നിർണായകവുമായ കാര്യം.

Rom. 8:4 ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ.

Gal. 5:16 എന്നാൽ ഞാൻ പറയുന്നു, ആത്മാവിനാൽ നടക്കുവിൻ, നിങ്ങൾ ഒരുവിധത്തിലും ജഡത്തിന്റെ മോഹത്തെ നിവർത്തിക്കുകയില്ല.

**II. ക്രിസ്തുവിൽ നടക്കുവാൻ, അതായത്, നല്ലദേശത്തിന്റെ യാഥാർഥ്യമായ ആത്മാവിൻപ്രകാരവും ആത്മാവിനാലും നടക്കുവാൻ, പരിണതി പ്രാപിച്ച ത്രിയേക ദൈവവുമായുള്ള വീണ്ടുംജനിച്ച ത്രിഭാഗീയ വിശ്വാസികളുടെ ആത്മിക കൂട്ടായ്മയുടെ താക്കോൽ 1 കൊരി. 6:17 ആണെന്ന് നാം കാണണം—"കർത്താവിനോട് പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു":**

A. ആത്മാവായ ദൈവത്തെ നാം നമ്മുടെ ആത്മാവുകൊണ്ട് ആരാധിക്കുന്നു—യോഹ. 4:24.

John. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

B. ആത്മാവായിരിക്കുവാൻ ആത്മാവായ ദൈവത്താൽ നാം വീണ്ടുംജനിപ്പിക്കപ്പെട്ടു—3:6.

John. 3:6 ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു.

C. നാം ദൈവത്തിന്റെ മക്കളാണെന്ന് ആത്മാവ് നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു—റോമ. 8:16.

Rom. 8:16 നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു.

D. നമ്മുടെ ആത്മാവിൽ നാം ദൈവത്തിന്റെ വാസസ്ഥലമായിത്തീരുന്നു; ആത്മാവാണ് ഉൾവസിക്കുന്നവൻ—എഫെ. 2:22.

Eph. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

E. ശ്വാസമായ ക്രിസ്തുവും ജീവൻ-നൽകുന്ന ആത്മാവും എന്ന നിലയിൽ കർത്താവായ യേശു നമ്മുടെ ആത്മാവിലുണ്ട്—2 തിമൊ. 4:22; റോമ. 8:10.

2 Tim. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

Rom. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

F. യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നമ്മിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നമ്മിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നമ്മുടെ മർത്യ ശരീരങ്ങൾക്കും ജീവൻ നൽകും—വാ. 11.

Rom. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

G. ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ നാം മരിപ്പിക്കുന്നു എങ്കിൽ നാം ജീവിക്കും—വാ. 13.

Rom. 8:13b ...,എന്നാൽ ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ നിങ്ങൾ മരിപ്പിക്കുന്നു എങ്കിൽ, നിങ്ങൾ ജീവിക്കും.

H. ജീവനും സമാധാനത്തിനും വേണ്ടി നാം നമ്മുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിക്കുന്നു—വാ. 6.

I. ക്രിസ്തു യേശുവിനുള്ളവർ ജഡത്തെ അതിന്റെ അഭിനിവേശങ്ങളോടും മോഹങ്ങളോടും കൂടെ (ആത്മാവിനാൽ) ക്രൂശിച്ചിരിക്കുന്നു—ഗലാ. 5:24.

Gal. 5:24 എന്നാൽ ക്രിസ്തു യേശുവിനുള്ളവർ ജഡത്തെ അതിന്റെ അഭിനിവേശങ്ങളോടും മോഹങ്ങളോടും കൂടെ, ക്രൂശിച്ചിരിക്കുന്നു.

J. നാം ആത്മാവിനാൽ നടക്കുമ്പോൾ, ഒരുവിധത്തിലും ജഡത്തിന്റെ മോഹങ്ങൾ നിവർത്തിക്കുകയില്ല—വാ. 16.

Gal. 5:16 എന്നാൽ ഞാൻ പറയുന്നു, ആത്മാവിനാൽ നടക്കുവിൻ, നിങ്ങൾ ഒരുവിധത്തിലും ജഡത്തിന്റെ മോഹത്തെ നിവർത്തിക്കുകയില്ല.

K. ആത്മാവിനാൽ നാം ജീവിക്കുന്നുവെങ്കിൽ, ആത്മാവിനാൽ നമുക്ക് നടക്കുകയും ചെയ്യാം— വാ. 25.

Gal. 5:25 ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ, ആത്മാവിനാൽ നമുക്ക് നടക്കുകയും ചെയ്യാം.

L. ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാകേണ്ടതിന് നാം ആത്മാവിലും (ഇഴുകിച്ചേർന്ന ആത്മാവിൽ) ആത്മവിൻപ്രകാരവും നടക്കുന്നു (നമ്മുടെ ആളത്തം ആയിരിക്കുന്നു)—റോമ. 8:4.

Rom. 8:4 ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ.

M. യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ സമൃദ്ധമായ സഹായത്താൽ, നാം ക്രിസ്തുവിനെ ജീവിക്കുകയും അവനെ മഹിമപ്പെടുത്തുകയും ചെയ്യുന്നു—ഫിലി. 1:19-21.

Phil. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

Phil. 1:20 എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

Phil. 1:21a എനിക്കു ജീവിക്കുന്നത്....

N. നാം എല്ലാ സമയത്തും ആത്മാവിൽ പ്രാർഥിക്കുന്നു—എഫെ. 6:18.

Eph. 6:18 സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും,

O. നാം ആത്മാവിൽ വിശുദ്ധീകരിക്കപ്പെടുന്നു—റോമ. 15:16.

Rom. 15:16 അത്, ജാതികൾ എന്ന വഴിപാട് പരിശുദ്ധാത്മാവിൽ വിശുദ്ധീകരിക്കപ്പെട്ടിട്ട് സ്വീകാര്യമാകേണ്ടതിന്, ദൈവത്തിന്റെ സുവിശേഷത്തിന്റെ അധ്വാനിക്കുന്ന പുരോഹിതനായി, ഞാൻ ജാതികൾക്ക് ക്രിസ്തു യേശുവിന്റെ ശുശ്രൂഷകൻ ആകേണ്ടതിന് തന്നെ.

P. നാം ആത്മാവിനാൽ നമ്മുടെ ആത്മാവിൽ പുതുക്കപ്പെടുന്നു—തീത്തൊ. 3:5; എഫെ. 4:23.

Titus. 3:5 നാം ചെയ്ത, നീതിപ്രവൃത്തികളാൽ അല്ല, അവന്റെ കരുണപ്രകാരം പുനർജനന കഴുകലിലൂടെയും, നമ്മുടെ രക്ഷകനായ യേശു ക്രിസ്തു മുഖാന്തരം സമ്പന്നമായി നമ്മുടെ മേൽ അവൻ ഒഴിച്ച,

Eph. 4:23 നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുകയും,

Q. കർത്താവായ ആത്മാവിനാൽ ക്രിസ്തുവിന്റെ തേജോമയമായ സ്വരൂപത്തിലേക്ക് നാം രൂപാന്തരപ്പെടുന്നു—2 കൊരി. 3:18.

2 Cor. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

R. തേജസ്കരിക്കപ്പെട്ട മനുഷ്യത്വത്തിൽ വെളിവായ ദിവ്യ തേജസ്സോടുകൂടിയ അവന്റെ നിത്യ വികാസത്തിനും ആവിഷ്കാരത്തിനുംവേണ്ടി പരിണതി പ്രാപിച്ച പുതിയ യെരൂശലേമായിരിക്കുവാൻ (വെളി. 21:10-11), ആത്മാവ് എന്ന നിലയിൽ പരിണതി പ്രാപിച്ച ത്രിയേക ദൈവവും മണവാട്ടി എന്ന നിലയിൽ രൂപാന്തരപ്പെട്ട ത്രിഭാഗീയ മനുഷ്യനും ഒടുവിൽ ഒരു ആത്മിക ദമ്പതികൾ, മനുഷ്യത്വവുമായുള്ള ദിവ്യത്വത്തിന്റെ ഇഴുകിച്ചേരൽ ആയിത്തീരുന്നു (വെളി. 22:17).

Rev. 22:17 വരിക! എന്ന് ആത്മാവും മണവാട്ടിയും പറയുന്നു. കേൾക്കുന്നവനും വരിക!...

Rev. 21:10 അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു.

Rev. 21:11 അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു.

**III. മൂന്ന് ഘട്ടങ്ങളുള്ള തന്റെ സമ്പൂർണ ശുശ്രൂഷയിലുള്ള ക്രിസ്തുവിലാണ് നാം നടക്കേണ്ടതെന്ന് നാം കാണണം:**

A. വേദപുസ്തകത്തിൽ ദൈവത്തെ സംബന്ധിച്ച കേന്ദ്രീയ വെളിപാട് ദൈവത്തെ സംബന്ധിച്ച പുരോഗമനപരമായ വെളിപാടാണ്—"അവിവാഹിതനായ" ദൈവം, ജഡാവതാരം ചെയ്ത ദൈവം, വീണ്ടെടുക്കുന്ന ദൈവം, സംയുക്തനാക്കപ്പെട്ട ദൈവം, തീവ്രവൽക്കരിക്കപ്പെട്ട ദൈവം, ഉൾവസിക്കുന്ന ദൈവം, സംയോജിപ്പിക്കപ്പെട്ട ദൈവം; സംയോജിക്കപ്പെട്ട ദൈവം, "വിവാഹിതനായ" ദൈവത്തിൽ, ആത്യന്തികമായി സംയോജിപ്പിക്കപ്പെട്ട ദൈവമായ, പുതിയ

യെരൂശലേമിൽ ആത്യന്തികമായി പരിണതിപ്രാപിക്കുന്ന ശരീരം-ക്രിസ്തുവാണ്.

B. കർത്താവിന്റെ പ്രത്യുദ്ധാരം ജഡാവതാരം, ഉൾപ്പെടുത്തൽ, തീവ്രവൽക്കരണം എന്നീ മൂന്ന് ഘട്ടങ്ങളുള്ള തന്റെ സമ്പൂർണ ശുശ്രൂഷയിലുള്ള ക്രിസ്തുവിന്റെ പ്രത്യുദ്ധാരമാണ്; കർത്താവിന്റെ പ്രത്യുദ്ധാരം ദൈവം ജഡമായിത്തീരുന്നതും, ജഡം ജീവൻ-നൽകുന്ന ആത്മാവായിത്തീരുന്നതും, ക്രിസ്തുവിന്റെ ശരീരമായിത്തീരുകയും പുതിയ യെരൂശലേമിൽ പരിണതി പ്രാപിക്കുകയും ചെയ്യുന്ന സഭയെ കെട്ടുപണി ചെയ്യുവാൻ ജീവൻ-നൽകുന്ന ആത്മാവ് ഏഴിരട്ടി തീവ്രത പ്രാപിച്ച ആത്മാവായിത്തീരുന്നതുമാണ്:

1. *ദൈവം ജഡമായിത്തീരുന്നത്* "അവിവാഹിതനായ" ദൈവം ജഡാവതാരം ചെയ്ത ദൈവവും വീണ്ടെടുക്കുന്ന ദൈവവുമായിത്തീരുന്നതാണ്—യോഹ. 1:1, 14, 29.

John. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

John. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

John. 1:29 പിറ്റെന്നാൾ യേശു തന്റെ അടുക്കലേക്ക് വരുന്നത് കണ്ടിട്ട് അവൻ പറഞ്ഞു, ഇതാ, ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്!

2. *ജഡം ജീവൻ-നൽകുന്ന ആത്മാവായിത്തീരുന്നതും ജീവൻ-നൽകുന്ന ആത്മാവ് ഏഴിരട്ടി തീവ്രതയുള്ള ആത്മാവായിത്തീരുന്നതും* സംയുക്തമാക്കപ്പെട്ട ദൈവം ഉൾവസിക്കുന്ന ദൈവമായിരിക്കുവാൻ തീവ്രവൽക്കരിക്കപ്പെട്ട ദൈവമായിത്തീരുന്നതാണ്—1 കൊരി. 15:45; വെളി. 1:4; 3:1; 4:5; 5:6.

1 Cor. 15:45b ...ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു.

Rev. 1:4 യോഹന്നാൻ ആസ്യയിലുള്ള ഏഴു സഭകൾക്ക്: ഉള്ളവനും ഉണ്ടായിരുന്നവനും വരുന്നവനുമായവനിൽ നിന്നും, അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളിൽ നിന്നും,

Rev. 3:1 സർദ്ദിസിലുള്ള സഭയുടെ ദൂതന് എഴുതുക: ദൈവത്തിന്റെ ഏഴ് ആത്മാക്കളും ഏഴു നക്ഷത്രങ്ങളും ഉള്ളവൻ അരുളിച്ചെയ്യുന്നു: ഞാൻ നിന്റെ പ്രവൃത്തികൾ അറിയുന്നു, ജീവനുള്ളവൻ എന്നു നിനക്ക് പേരുണ്ടെങ്കിലും നീ മരിച്ചവനാകുന്നു.

Rev. 4:5 സിംഹാസനത്തിൽ നിന്ന് മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു. സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു ദീപങ്ങൾ ഉണ്ടായിരുന്നു, അവ ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ആകുന്നു;

Rev. 5:6 സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു, അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്.

3. *ക്രിസ്തുവിന്റെ ശരീരമായിത്തീരുകയും പുതിയ യെരൂശലേമിൽ പരിണതി പ്രാപിക്കുകയും ചെയ്യുന്ന പണിയപ്പെട്ട സഭ,* പ്രക്രിയാവിധേയനും പരിണതി പ്രാപിച്ചതുമായ ത്രിഭാഗീയ സഭയോടുകൂടെയുള്ള പ്രക്രിയാവിധേയനും പരിണതി പ്രപിച്ചവനുമായ ത്രിയേക ദൈവത്തിന്റെ ആത്യന്തിക ഐക്യവും, ഇഴുകിച്ചേരലും, സംയോജനവുമായ, പുതിയ യെരൂശലേമിൽ പരിണതി പ്രാപിക്കുന്ന ശരീരം-ക്രിസ്തുവായ സംയോജിക്കപ്പെട്ട ദൈവം ആണ്—യോഹ. 17:21; എഫെ. 4:4-6, 16; കൊലൊ. 2:19; വെളി. 19:7-9; 21:2, 9-10.

John. 17:21 നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കേണ്ടതിന്, അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ.

Eph. 4:4 ശരീരം ഒന്ന് ആത്മാവ് ഒന്ന്, നിങ്ങളുടെ വിളിയുടെ ഏക പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ തന്നെ;

Eph. 4:5 കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്;

Eph. 4:6 എല്ലാവർക്കും മീതെയും എല്ലാവരിലൂടെയും എല്ലാവരിലും ഉള്ളവനായ, എല്ലാവരുടെയും ദൈവവും പിതാവും ഒരുവൻ.

Eph. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

Col. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

Rev. 19:7 നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

Rev. 19:8 അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു.

Rev. 19:9 അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു.

Rev. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

Rev. 21:9 ഒടുക്കത്തെ ഏഴു ബാധകൾ നിറഞ്ഞ ഏഴു കലശങ്ങൾ ഉണ്ടായിരുന്ന ഏഴു ദൂതന്മാരിൽ ഒരുവൻ വന്ന് എന്നോട്, ഇവിടെ

വരിക; കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ ഞാൻ നിനക്കു കാണിച്ചുതരാം എന്നു പറഞ്ഞു.

Rev. 21:10 അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു.

**IV. കർത്താവിന്റെ ഇപ്പോഴത്തെ പ്രത്യുദ്ധാരം സഭാജീവിതത്തിലുള്ള ശരീരം-ക്രിസ്തുവിന്റെ പ്രത്യുദ്ധാരമാണ്; ശരീരം-ക്രിസ്തു സംയോജിക്കപ്പെട്ട ദൈവമാണ്; അങ്ങനെ, ക്രിസ്തുവിൽ നടക്കുകയെന്നാൽ, സംയോജിക്കപ്പെട്ട ദൈവമായ, ശരീരം-ക്രിസ്തുവിൽ നടക്കുക എന്നാണ്—1 കൊരി. 12:12-13; പ്രവൃ. 9:4-5, 15; കൊലൊ. 2:19; എഫെ. 4:1-6, 15-16; യോഹ. 14:23; 17:21:**

1 Cor. 12:12 എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും.

1 Cor. 12:13 യെഹൂദന്മാരോ യവനന്മാരോ ആകട്ടെ, അടിമകളോ സ്വതന്ത്രരോ ആകട്ടെ, നമ്മെ എല്ലാവരെയും ഒരു ആത്മാവിൽ ഒരു ശരീരത്തിലേക്ക് സ്നാനപ്പെടുത്തുകയും, എല്ലാവർക്കും ഒരു ആത്മാവിനെ പാനം ചെയ്യുവാൻ നൽകുകയും ചെയ്തു.

Acts. 9:4 അവൻ നിലത്തു വീണു, അവനോട്, ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്? എന്നു പറയുന്ന ഒരു ശബ്ദം കേട്ടു.

Acts. 9:5 നീ ആരാകുന്നു കർത്താവേ? എന്ന് അവൻ ചോദിച്ചതിന്, നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ.

Acts. 9:15 എന്നാൽ കർത്താവ് അവനോട്, പോകുക, ഇവൻ ജാതികൾക്കും രാജാക്കന്മാർക്കും, യിസ്രായേൽ പുത്രന്മാർക്കും മുമ്പാകെ എന്റെ നാമം വഹിക്കുവാൻ, എനിക്കായി തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമാകുന്നു;

Col. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

Eph. 4:1 ആകയാൽ കർത്താവിൽ തടവുകാരനായ ഞാൻ, നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമായി നടക്കുവാൻ നിങ്ങളോട് അപേക്ഷിക്കുന്നു,

Eph. 4:2 സകല താഴ്മയോടും സൗമ്യതയോടും ദീർഘക്ഷമയോടുംകൂടെ, അന്യോന്യം സ്നേഹത്തിൽ വഹിച്ചുകൊണ്ട്,

Eph. 4:3 ആത്മാവിന്റെ ഒരുമ സമാധാനത്തിന്റെ ഏകീകരണ ബന്ധത്തിൽ കാക്കുവാൻ ശുഷ്കാന്തിയുള്ളവരായിരുന്നുകൊണ്ട് തന്നെ:

Eph. 4:4 ശരീരം ഒന്ന് ആത്മാവ് ഒന്ന്, നിങ്ങളുടെ വിളിയുടെ ഏക പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ തന്നെ;

Eph. 4:5 കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്;

Eph. 4:6 എല്ലാവർക്കും മീതെയും എല്ലാവരിലൂടെയും എല്ലാവരിലും ഉള്ളവനായ, എല്ലാവരുടെയും ദൈവവും പിതാവും ഒരുവൻ.

Eph. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

Eph. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല

സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

John. 14:23 യേശു അവനോട്, ആരെങ്കിലും എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വചനം പാലിക്കും, എന്റെ പിതാവ് അവനെ സ്നേഹിക്കുകയും, ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസസ്ഥലം ഉണ്ടാക്കുകയും ചെയ്യും.

John. 17:21 നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കേണ്ടതിന്, അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ.

A. 1 കൊരിന്ത്യർ 12:12 പറയുന്നു: "എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും"; ഈ വാക്യത്തിലെ "ക്രിസ്തു" വ്യക്തിഗത ക്രിസ്തുവല്ല, മറിച്ച് സംഘാത ക്രിസ്തു, തന്റെ എല്ലാ അവയവങ്ങളോടുംകൂടെ സംയോജിപ്പിക്കപ്പെട്ട ക്രിസ്തു ആണ്.

B. ഇതാണ് ക്രിസ്തുവിലേക്കുള്ള തന്റെ പരാജിനാക്കപ്പെട്ട പരിവർത്തനത്തിൽ അപ്പൊസ്തലനായ പൗലൊസ് കണ്ട സംഘാത "എന്നെ"; കർത്താവായ യേശുവും അവന്റെ വിശ്വാസികളും മഹത്തായ ഏക വ്യക്തി—അത്ഭുതവാനായ "എന്നെ" ആകുന്നുവെന്ന് അവൻ കണ്ടു—പ്രവൃ. 9:3-5.

Acts. 9:3 അവൻ പോകുമ്പോൾ, അവൻ ദമസ്കൊസിനു സമീപം എത്തി, പെട്ടെന്ന് സ്വർഗത്തിൽനിന്ന് ഒരു വെളിച്ചം അവനു ചുറ്റം മിന്നി.

Acts. 9:4 അവൻ നിലത്തു വീണു, അവനോട്, ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്? എന്നു പറയുന്ന ഒരു ശബ്ദം കേട്ടു.

Acts. 9:5 നീ ആരാകുന്നു കർത്താവേ? എന്ന് അവൻ ചോദിച്ചതിന്, നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ.

C. ഇന്ന് നാം നടക്കേണ്ടത് വ്യക്തിഗത ക്രിസ്തുവിൽ മാത്രമല്ല, ശരീരം-ക്രിസ്തുവും സംയോജിക്കപ്പെട്ട ദൈവവുമായ, അത്ഭുതവാനായ "എന്നെ"-യിലുമാണെന്ന് നാം കാണണം.

D. ക്രിസ്തു ഇന്ന് ഒരു സംഘാത ശരീരമായതുകൊണ്ട്, ക്രിസ്തുവിനെ കൈക്കൊള്ളുകയും അവനിൽ നടക്കുകയും ചെയ്യുന്നത് ശരീരം-ക്രിസ്തുവിനെ കൈക്കൊള്ളുകയും അവനിൽ നടക്കുകയും ചെയ്യുന്നതാണ്; ക്രിസ്തു ഇനിമേൽ വ്യക്തിഗത ക്രിസ്തു മാത്രമല്ല, തലയും ശരീരവും ചേർന്ന സംഘാത ക്രിസ്തുവും ആണ്; സംഘാത ക്രിസ്തുവിൽ നടക്കുന്നത് നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ വലിയ വ്യത്യാസം ഉണ്ടാക്കുന്നു.

E. കർത്താവിന്റെ പ്രത്യുദ്ധാരം "ക്രിസ്തുവൽക്കരണത്തിന്റെ" പ്രത്യുദ്ധാരം, സഭാജീവിതത്തിൽ ശരീരം-ക്രിസ്തുവിന്റെ യാഥാർഥ്യം നേടുന്നതിന് തികച്ചും സമ്പൂർണമായും ക്രിസ്തു എന്ന വ്യക്തിയുടെ പ്രത്യുദ്ധാരം ആണ്—1 തെസ്സ. 5:23; ഫിലി. 1:19-21; 3:8-14; 2 കൊരി. 2:10; കൊലൊ. 3:10-11.

1 Thes. 5:23 അനന്തരം സമാധാനത്തിന്റെ ദൈവം താൻതന്നെ നിങ്ങളെ മുഴുവനും വിശുദ്ധീകരിക്കുമാറാകട്ടെ, നിങ്ങളുടെ ആത്മാവും ദേഹിയും ദേഹവും സമ്പൂർണമായി, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ, വരവിൽ, കുറ്റമില്ലാതെ സൂക്ഷിക്കപ്പെടുമാറാകട്ടെ.

Phil. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

Phil. 1:20 എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

Phil. 1:21 എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു.

Phil. 3:8 അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും,

Phil. 3:9 അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

Phil. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

Phil. 3:11 മരിച്ചവരിൽ നിന്നുള്ള വിശേഷ പുനരുത്ഥാനം ഞാൻ എങ്ങനെയെങ്കിലും പ്രാപിക്കേണ്ടതിന്, അവൻ നിമിത്തം ഞാൻ സകലത്തിന്റെയും നഷ്ടം സഹിച്ച് അവ ചവറെന്ന് എണ്ണുന്നു.

Phil. 3:12 നേടിക്കഴിഞ്ഞു എന്നോ, തികഞ്ഞവനായിക്കഴിഞ്ഞു എന്നോ അല്ല, എന്നാൽ ക്രിസ്തു യേശുവിനാൽ ഞാൻ എന്തിന് പിടിക്കപ്പെട്ടുവോ, അത് ഞാനും പിടിക്കാമോ എന്നുവച്ച് പിൻപറ്റുന്നതേയുള്ളൂ.

Phil. 3:13 സഹോദരന്മാരേ, പിടിച്ചിരിക്കുന്നതായി ഞാൻ എന്നെത്തന്നെ എണ്ണുന്നില്ല; എന്നാൽ ഒന്ന് ഞാൻ ചെയ്യുന്നു: പിന്നിലുള്ളവയെ മറന്നുകൊണ്ടും മുന്നിലുള്ളവയ്ക്കായി മുന്നോട്ടാഞ്ഞുകൊണ്ടും,

Phil. 3:14 ദൈവം ക്രിസ്തു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു.

2 Cor. 2:10 എന്നാൽ നിങ്ങൾ എന്തെങ്കിലും ക്ഷമിക്കുന്നവനോട്, ഞാനും ക്ഷമിക്കുന്നു; ഞാൻ എന്തെങ്കിലും ക്ഷമിച്ചിരിക്കുന്നെങ്കിൽ, ഞാൻ ക്ഷമിച്ചിരിക്കുന്നത് നിങ്ങൾ നിമിത്തം ക്രിസ്തു എന്ന വ്യക്തിയിലാകുന്നു.

Col. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

Col. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

F. ഇന്ന് സഭാജീവിതത്തിൽ കർത്താവ് ശരീരം-ക്രിസ്തുവിനെ പണിയുന്നു; ശരീരം-ക്രിസ്തുവിൽ, ക്രിസ്തു തന്റെ എല്ലാ അവയവങ്ങളിലേക്കും പണിതുചേർക്കപ്പെടുകയും, അവന്റെ എല്ലാ അവയവങ്ങളും ക്രിസ്തുവിന്റെ ആവിഷ്കാരത്തിനുവേണ്ടി ജീവന്റെ വളർച്ചയാലും ജീവന്റെ രൂപാന്തരത്താലും അവനിലേക്ക് പണിതുചേർക്കപ്പെടുകയും ചെയ്യുന്നു—2:19; റോമ. 12:2; 2 കൊരി. 3:18; 1 കൊരി. 12:12-13:

Col. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

Rom. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

2 Cor. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

1 Cor. 12:12 എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും.

1 Cor. 12:13 യെഹൂദന്മാരോ യവനന്മാരോ ആകട്ടെ, അടിമകളോ സ്വതന്ത്രരോ ആകട്ടെ, നമ്മെ എല്ലാവരെയും ഒരു ആത്മാവിൽ ഒരു ശരീരത്തിലേക്ക് സ്നാനപ്പെടുത്തുകയും, എല്ലാവർക്കും ഒരു ആത്മാവിനെ പാനം ചെയ്യുവാൻ നൽകുകയും ചെയ്തു.

1. ശരീരം-ക്രിസ്തുവിൽ നാം ക്രിസ്തുവിനെ എല്ലാമായി ആസ്വദിക്കുന്നു—വാ. 3, 13.

   1 Cor. 12:3 അതിനാൽ ദൈവാത്മാവിൽ സംസാരിക്കുന്ന ആരും യേശു ശപിക്കപ്പെട്ടവൻ എന്നു പറയുകയില്ല; പരിശുദ്ധാത്മാവിൽ അല്ലാതെ, യേശു കർത്താവ് എന്നു പറയുവാൻ ആർക്കും കഴിയുകയുമില്ല എന്ന് ഞാൻ നിങ്ങളെ അറിയിക്കുന്നു.

   1 Cor. 12:13 യെഹൂദന്മാരോ യവനന്മാരോ ആകട്ടെ, അടിമകളോ സ്വതന്ത്രരോ ആകട്ടെ, നമ്മെ എല്ലാവരെയും ഒരു ആത്മാവിൽ ഒരു ശരീരത്തിലേക്ക് സ്നാനപ്പെടുത്തുകയും, എല്ലാവർക്കും ഒരു ആത്മാവിനെ പാനം ചെയ്യുവാൻ നൽകുകയും ചെയ്തു.

2. ശരീരം-ക്രിസ്തുവിൽ എല്ലാ അവയവങ്ങളുടെയും പ്രവർത്തനമുണ്ട്—വാ. 14-22.

   1 Cor. 12:14 ശരീരം ഒരു അവയവം അല്ല, പലതത്രേ.

   1 Cor. 12:15 ഞാൻ കൈ അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് കാൽ പറയുന്നു എങ്കിൽ, ഇതു നിമിത്തം അത് ശരീരത്തിലുള്ളതല്ല എന്നു വരുന്നില്ല.

   1 Cor. 12:16 ഞാൻ കണ്ണ് അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് ചെവി പറയുന്നു എങ്കിൽ, ഇതു നിമിത്തം അത് ശരീരത്തിലുള്ളതല്ല എന്നും വരുന്നില്ല.

   1 Cor. 12:17 ശരീരം മുഴുവൻ കണ്ണ് എങ്കിൽ കേൾവി എവിടെ? ശരീരം മുഴുവൻ കേൾവി എങ്കിൽ, ഘ്രാണം എവിടെ?

   1 Cor. 12:18 എന്നാൽ ഇപ്പോൾ ദൈവം അവയവങ്ങളെ, ഓരോന്നായി, അവൻ ഇച്ഛിച്ചതുപോലെ ശരീരത്തിൽ ആക്കിവച്ചിരിക്കുന്നു.

   1 Cor. 12:19 എല്ലാം ഒരു അവയവം ആയിരുന്നു എങ്കിൽ, ശരീരം എവിടെ?

1 Cor. 12:20 എന്നാൽ ഇപ്പോൾ അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്നത്രേ.

1 Cor. 12:21 കണ്ണിന് കൈയ്യോട്, എനിക്ക് നിന്റെ ആവശ്യമില്ല എന്നും; അതുപോലെ തലയ്ക്ക് കാലുകളോട്, എനിക്ക് നിങ്ങളുടെ ആവശ്യമില്ല എന്നും പറയുവാൻ കഴിയില്ല.

1 Cor. 12:22 എന്നാൽ ശരീരത്തിൽ ബലം കുറഞ്ഞവ എന്നു തോന്നുന്ന അവയവങ്ങളും ആവശ്യമുള്ളവ ആകുന്നു.

3. ശരീരം-ക്രിസ്തുവിൽ ത്രിയേക ദൈവത്തിന്റെ ഒരുമയിൽ അവയവങ്ങളുടെ ഒരുമിച്ചുള്ള സമന്വയം ഉണ്ട്—വാ. 23-27; യോഹ. 17:21; എഫെ. 4:1-6.

1 Cor. 12:23 ശരീരത്തിൽ മാനം കുറഞ്ഞവ എന്നു നാം കരുതുന്ന അവയവങ്ങളെ നാം അധികം മാനം അണിയിക്കുന്നു; നമ്മുടെ അഴകില്ലാത്ത അവയവങ്ങൾ അധികം അഴകുള്ളതായിരിക്കുവാൻ ഇടവരുന്നു,

1 Cor. 12:24 എന്നാൽ നമ്മുടെ അഴകുള്ള അവയവങ്ങൾക്ക് അത് ആവശ്യമില്ല. കുറവുള്ള അവയവത്തിന് അധികം മാനം നൽകിക്കൊണ്ട് ദൈവം ശരീരത്തെ ചേർത്തു സമന്വയിപ്പിച്ചിരിക്കുന്നു,

1 Cor. 12:25 അത് ശരീരത്തിൽ ഒരു ഭിന്നതയും ഇല്ലാതെ, അവയവങ്ങൾ അന്യോന്യം ഒരേ കരുതൽ ഉണ്ടായിരിക്കേണ്ടതിനത്രേ.

1 Cor. 12:26 ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ കഷ്ടം അനുഭവിക്കുന്നു; ഒരു അവയവം മഹത്വപ്പെടുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ സന്തോഷിക്കുന്നു.

1 Cor. 12:27 നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു.

John. 17:21 നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കേണ്ടതിന്, അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ.

Eph. 4:1 ആകയാൽ കർത്താവിൽ തടവുകാരനായ ഞാൻ, നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമായി നടക്കുവാൻ നിങ്ങളോട് അപേക്ഷിക്കുന്നു,

Eph. 4:2 സകല താഴ്മയോടും സൗമ്യതയോടും ദീർഘക്ഷമയോടുംകൂടെ, അന്യോന്യം സ്നേഹത്തിൽ വഹിച്ചുകൊണ്ട്,

Eph. 4:3 ആത്മാവിന്റെ ഒരുമ സമാധാനത്തിന്റെ ഏകീകരണ ബന്ധത്തിൽ കാക്കുവാൻ ശുഷ്കാന്തിയുള്ളവരായിരുന്നുകൊണ്ട് തന്നെ:

Eph. 4:4 ശരീരം ഒന്ന് ആത്മാവ് ഒന്ന്, നിങ്ങളുടെ വിളിയുടെ ഏക പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ തന്നെ;

Eph. 4:5 കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്;

Eph. 4:6 എല്ലാവർക്കും മീതെയും എല്ലാവരിലൂടെയും എല്ലാവരിലും ഉള്ളവനായ, എല്ലാവരുടെയും ദൈവവും പിതാവും ഒരുവൻ.

**V. നല്ലദേശത്തിന്റെ യാഥാർഥ്യമെന്ന നിലയിൽ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ കൈവശമാക്കുന്നതിനും അവനിൽ നടക്കുന്നതിനും,**

**കർത്താവിലുള്ള നമ്മുടെ ജീവിതത്തിലും കർത്താവിലുള്ള നമ്മുടെ വേലയിലും കർത്താവിന്റെ സാന്നിധ്യം നമുക്ക് സകലവുമാണെന്ന് നാം കാണേണ്ടതാവശ്യമാണ്; തന്നോടും ദൈവത്തിന്റെ ജനത്തോടുംകൂടെ ദൈവത്തിന്റെ സാന്നിധ്യം പോകുവാൻ പുറപ്പാട് 33:12-17-ൽ, മോശെ ദൈവത്തോട് വിലപേശി; "എന്റെ സാന്നിധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്ക് സ്വസ്ഥത നൽകും" എന്നു പറഞ്ഞുകൊണ്ട് ദൈവം മറുപടി നൽകി—വാ. 14:**

Exo. 33:12 മോശെ യഹോവയോടു പറഞ്ഞതു എന്തെന്നാൽ: ഈ ജനത്തെ കൂട്ടിക്കൊണ്ടു പോക എന്നു നീ എന്നോടു കല്പിച്ചുവല്ലോ; എങ്കിലും ആരെ എന്നോടുകൂടെ അയക്കുമെന്നു അറിയിച്ചുതന്നില്ല; എന്നാൽ: ഞാൻ നിന്നെ അടുത്തു അറിഞ്ഞിരിക്കുന്നു; എനിക്കു നിന്നോടു കൃപ തോന്നിയിരിക്കുന്നു എന്നു നീ അരുളിച്ചെയ്തിട്ടുണ്ടല്ലോ.

Exo. 33:13 ആകയാൽ എന്നോടു കൃപയുണ്ടെങ്കിൽ നിന്റെ വഴി എന്നെ അറിയിക്കേണമേ; നിനക്കു എന്നോടു കൃപയുണ്ടാകുവാന്തക്കവണ്ണം ഞാൻ നിന്നെ അറിയുമാറാകട്ടെ; ഈ ജാതി നിന്റെ ജനം എന്നു ഓർക്കേണമേ.

Exo. 33:14 അതിന്നു അവൻ: എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്കു സ്വസ്ഥത നല്കും എന്നു അരുളിച്ചെയ്തു.

Exo. 33:15 അവൻ അവനോടു: തിരുസാന്നിദ്ധ്യം എന്നോടുകൂടെ പോരുന്നില്ല എങ്കിൽ ഞങ്ങളെ ഇവിടെനിന്നു പുറപ്പെടുവിക്കരുതേ.

Exo. 33:16 എന്നോടും നിന്റെ ജനത്തോടും കൃപ ഉണ്ടെന്നുള്ളതു ഏതിനാൽ അറിയും? നീ ഞങ്ങളോടുകൂടെ പോരുന്നതിനാലല്ലയോ? അങ്ങനെ ഞാനും നിന്റെ ജനവും ഭൂതലത്തിലുള്ള സകലജാതികളിലുംവെച്ചു വിശേഷതയുള്ളവരായിരിക്കും എന്നു പറഞ്ഞു.

Exo. 33:17 യഹോവ മോശെയോടു: നീ പറഞ്ഞ ഈ വാക്കുപോലെ ഞാൻ ചെയ്യും; എനിക്കു നിന്നോടു കൃപ തോന്നിയിരിക്കുന്നു; ഞാൻ നിന്നെ അടുത്തു അറിഞ്ഞുമിരിക്കുന്നു എന്നു അരുളിച്ചെയ്തു.

A. കർത്താവ് നമ്മിൽ ജീവിക്കുകയും, നാം പോകുന്നിടത്തെല്ലാം അവൻ പോകുകയും ചെയ്യും, എന്നാൽ അവന്റെ സാന്നിധ്യം നമ്മോടുകൂടെ പോകുന്നുണ്ടോ? അനേകം സമയങ്ങളിലും കർത്താവ് നമ്മെ സഹായിച്ചേക്കാം, എന്നാൽ അവൻ നമ്മിൽ സന്തുഷ്ടനല്ല; കർത്താവിന്റെ നേരിട്ടുള്ള, കൈമാറാതെയുള്ള സാന്നിധ്യത്താൽ നാം ഭരിക്കപ്പെടേണ്ടതാവശ്യമാണ്.

B. കർത്താവിന്റെ സാന്നിധ്യമായ പുഞ്ചിരിയാണ്, നല്ലദേശത്തിന്റെ യാഥാർഥ്യമായ ക്രിസ്തുവിലേക്ക് പ്രവേശിക്കുന്നതിനും കൈവശമാക്കുന്നതിനുമുള്ള നിയന്ത്രക പ്രമാണം; ദൈവത്തിന്റെ സാന്നിധ്യമാണ് വഴി, തന്റെ ജനം എടുക്കേണ്ട വഴി കാണിക്കുന്ന "ഭൂപടം."

C. പുറപ്പാടിലെ ചിത്രമനുസരിച്ച്, കർത്താവിന്റെ സാന്നിധ്യം അവർക്കു മുമ്പായി പോയി, "അവർ പകലും രാവും യാത്രചെയ്യുവാൻ തക്കവണ്ണം അവർക്കു വഴികാണിക്കേണ്ടതിന് പകൽ മേഘസ്തംഭത്തിലും അവർക്കു വെളിച്ചം കൊടുക്കേണ്ടതിന് രാത്രി അഗ്നിസ്തംഭത്തിലും യഹോവ അവർക്കു മുമ്പായി പൊയ്ക്കൊണ്ടിരുന്നു. പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവും ജനത്തിന്റെ മുമ്പിൽനിന്നു മാറിയതുമില്ല"—13:21-22:

1. മുൻകുറിശാസ്ത്രത്തിൽ മേഘം ആത്മാവിനെയും (1 കൊരി. 10:1-2) പ്രകാശിപ്പിക്കുന്നതിനുള്ള അഗ്നി ദൈവവചനത്തെയും (സങ്കീ. 119:105; യിരെ. 23:29) സൂചിപ്പിക്കുന്നു; തന്മൂലം, ദൈവസാന്നിധ്യത്തിൽനിന്നുള്ള തൽക്ഷണ, ജീവനുള്ള നടത്തിപ്പ്, ഒന്നുകിൽ ആത്മാവിലൂടെയോ അല്ലെങ്കിൽ വചനത്തിലൂടെയോ വരുന്നു.

1 Cor. 10:1 എന്തെന്നാൽ സഹോദരന്മാരേ, നിങ്ങൾ അജ്ഞരായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല, നമ്മുടെ പിതാക്കന്മാർ എല്ലാം മേഘത്തിൻ കീഴിലായിരുന്നു, എല്ലാവരും സമുദ്രത്തിലൂടെ കടന്നുപോകുകയും ചെയ്തു;

1 Cor. 10:2 എല്ലാവരും മേഘത്തിലും സമുദ്രത്തിലും മോശെയിങ്കലേക്ക് സ്നാനപ്പെട്ടു;

Psa. 119:105 നൂൻ. നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു.

Jer. 23:29 എന്റെ വചനം തീ പോലെയും പാറയെ തകർക്കുന്ന ചുറ്റികപോലെയും അല്ലയോ എന്നു യഹോവയുടെ അരുളപ്പാടു.

2. രണ്ട് തൂണുകളും ദൈവത്തെത്തന്നെ പ്രതീകവൽക്കരിക്കുന്നു, എന്തെന്നാൽ അവൻ ആത്മാവും വചനവുമാണ് (യോഹ. 4:24; 1:1); കൂടാതെ, വചനം ആത്മാവുമാണ് (6:63; എഫെ. 6:17).

John. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

John. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

John. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

Eph. 6:17 രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു,

3. അങ്ങനെ, രാത്രിയായാലും പകലായാലും നമ്മെ നിരന്തരം നയിക്കുന്നതിനും വഴികാട്ടുന്നതിനും ദൈവവും വചനവും ആത്മാവും ഒന്നാണ്; ക്രിസ്തീയ ജീവിതത്തിൽ രാത്രിയും പകലും തമ്മിൽ വ്യത്യാസമില്ല, കാരണം അഗ്നിസ്തംഭത്തിൽ നിന്നുള്ള വെളിച്ചം രാത്രിയെ പകലായിത്തീരുവാൻ ഇടയാക്കുന്നു.

D. ദൈവദൂതനെന്ന നിലയിൽ ക്രിസ്തു ആയിരുന്നു ജനത്തെ നയിച്ചിരുന്നവൻ എന്ന് പുറപ്പാട് പുസ്തകം നമുക്ക് കാണിച്ചുതരുന്നു; ദൈവദൂതൻ നീങ്ങിയപ്പോൾ സ്തംഭവും നീങ്ങി, ദൂതനും സ്തംഭവും ഒന്നാണെന്ന് ഇത് കാണിക്കുന്നു; ക്രിസ്തുവിനെയും നയിക്കുന്ന ആത്മാവിനെയും വേർപെടുത്തുവാൻ കഴിയുകയില്ല (14:19; യോഹ. 14:17-20; 16:13; 2 കൊരി. 3:17; വെളി. 5:6); കൂടാതെ, കർത്താവിനെ അനുഗമിക്കുന്നവർ എതിർപ്പ് നേരിടുമ്പോഴെല്ലാം, വഴികാട്ടുന്ന വെളിച്ചം സ്വമേധയാ സംരക്ഷിക്കുന്ന വെളിച്ചമായിത്തീരുന്നു; എന്നിരുന്നാലും സംരക്ഷിക്കുന്ന വെളിച്ചം എതിർക്കുന്നവർക്ക് ഇരുട്ടായിത്തീരുന്നു (പുറ. 14:20).

Exo. 14:19 അനന്തരം യിസ്രായേല്യരുടെ സൈന്യത്തിന്നു മുമ്പായി നടന്ന ദൈവദൂതൻ അവിടെനിന്നു മാറി അവരുടെ പിന്നാലെ നടന്നു;

മേഘസ്തംഭവും അവരുടെ മുമ്പിൽനിന്നു മാറി അവരുടെ പിമ്പിൽ പോയി നിന്നു.

John. 14:17 യാഥാർഥ്യത്തിന്റെ ആത്മാവിനെത്തന്നെ, ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യാത്തതിനാൽ അതിന് അവനെ സ്വീകരിക്കുവാൻ കഴിയുകയില്ല; എന്നാൽ അവൻ നിങ്ങളോടുകൂടെ വസിക്കുന്നതിനാലും, നിങ്ങളിൽ ആകും എന്നതിനാലും, നിങ്ങൾ അവനെ അറിയുന്നു.

John. 14:18 ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നു.

John. 14:19 ഇനിയും അൽപനേരം കഴിഞ്ഞ്, ലോകം ഇനിമേൽ എന്നെ കാണുന്നില്ല, എന്നാൽ നിങ്ങൾ എന്നെ കാണുന്നു; ഞാൻ ജീവിക്കുന്നതിനാൽ നിങ്ങളും ജീവിക്കും.

John. 14:20 ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും.

John. 16:13 എന്നാൽ യാഥാർഥ്യത്തിന്റെ ആത്മാവു വരുമ്പോൾ, അവൻ നിങ്ങളെ സകല യാഥാർഥ്യത്തിലേക്കും വഴിനടത്തും; എന്തെന്നാൽ അവൻ അവനിൽനിന്ന് സംസാരിക്കാതെ അവൻ കേൾക്കുന്നത് സംസാരിക്കും; അവൻ വരുവാൻ പോകുന്ന കാര്യങ്ങൾ നിങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്യും.

2 Cor. 3:17 കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്.

Rev. 5:6 സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു, അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്.

Exo. 14:20 രാത്രി മുഴുവനും മിസ്രയീമ്യരുടെ സൈന്യവും യിസ്രായേല്യരുടെ സൈന്യവും തമ്മിൽ അടുക്കാതവണ്ണം അതു അവയുടെ മദ്ധ്യേ വന്നു; അവർക്കു മേഘവും അന്ധകാരവും ആയിരുന്നു; ഇവർക്കോ രാത്രിയെ പ്രകാശമാക്കിക്കൊടുത്തു.

**VI. നല്ലദേശത്തിന്റെ യാഥാർഥ്യമെന്ന നിലയിൽ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ കൈവശമാക്കുന്നതിനും അവനിൽ നടക്കുന്നതിനും, നമ്മുടെ ജീവിതത്തിലും സേവനത്തിലും അധികവും സമഗ്രവുമായ പ്രാർഥന ഉള്ളവരായി പുരോഹിതവർഗത്തിന്റെ യാഥാർഥ്യത്തിൽ നാം ജീവിക്കുകയും സേവിക്കുകയും വേണം—1 പത്രൊ. 2:5, 9; കൊലൊ. 4:2:**

1 Pet. 2:5 നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ, പുരോഹിതവർഗമായി പണിയപ്പെടുന്നു.

1 Pet. 2:9 എന്നാൽ നിങ്ങൾ, അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകളെ ഘോഷിക്കുവാൻ തക്കവണ്ണം, തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിത വർഗവും, വിശുദ്ധ ജാതിയും, അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവുമാകുന്നു;

Col. 4:2 പ്രാർഥനയിൽ ഉറ്റിരിക്കുവിൻ, സ്തോത്രത്തോടെ അതിൽ ജാഗരിക്കുവിൻ,

A. സഭ ജീവനുള്ളതും പുതുമയുള്ളതും സമ്പുഷ്ടവുമാണോ എന്നത് ഈ ഒരു കാര്യത്തെ—നാം തുടർച്ചയായി ആത്മാവിനാൽ നിറയപ്പെടുന്നുവോ—എന്നതിനെ ആശ്രയിച്ചിരിക്കുന്നു; ആത്മാവിനാൽ തുടർച്ചയായി നിറയപ്പെടുന്നതിന്, നാം മനസ്സുള്ളവരും ഒഴിഞ്ഞവരും പ്രാർഥിക്കുന്നവരും ആയിരിക്കണം—വാ. 2; ഫിലി. 2:13; മത്താ. 5:3, 8; ലൂക്കൊ. 1:53; എഫെ. 5:18.

Col. 4:2 പ്രാർഥനയിൽ ഉറ്റിരിക്കുവിൻ, സ്തോത്രത്തോടെ അതിൽ ജാഗരിക്കുവിൻ,

Phil. 2:13 എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു.

Matt. 5:3 ആത്മാവിൽ ദരിദ്രരായവർ അനുഗ്രഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു.

Matt. 5:8 ഹൃദയശുദ്ധിയുള്ളവർ അനുഗ്രഹീതർ, അവർ ദൈവത്തെ കാണും.

Luke. 1:53 വിശക്കുന്നവരെ അവൻ നന്മകൾകൊണ്ടു നിറച്ചും, സമ്പന്നരെ അവൻ ശൂന്യമായി അയച്ചുമിരിക്കുന്നു

Eph. 5:18 വീഞ്ഞ് കുടിച്ച് മത്തരാകരുത്, അതിന്മൂലം നിയന്ത്രണമില്ലായ്മ ഉണ്ടാകുന്നു, എന്നാൽ ആത്മാവിൽ നിറഞ്ഞവരാകുവിൻ,

B. സഭയുടെ കെട്ടിപണി എന്ന കുലീനമായ വേലയ്ക്കു വേണ്ടി നമ്മുടെ ജ്ഞാനവും വിവേകവും പരിജ്ഞാനവും വൈദഗ്ധ്യവും ആത്മാവെന്ന നിലയിൽ ദൈവം തന്നെ ആയിരിക്കണം; ദൈവത്തിന്റെ ആത്മാവിനു മാത്രമേ നമ്മിലൂടെ അവന്റെ വാസസ്ഥലം പണിയുവാൻ കഴിയുകയുള്ളൂ—പുറ. 31:1-3; സെഖ. 4:6.

Exo. 31:1 യഹോവ പിന്നെയും മോശെയോടു കല്പിച്ചതു എന്തെന്നാൽ:

Exo. 31:2 ഇതാ, ഞാൻ യെഹൂദാഗോത്രത്തിൽ ഹൂരിന്റെ മകനായ ഊരിയുടെ മകൻ ബെസലേലിനെ പേർചൊല്ലി വിളിച്ചിരിക്കുന്നു.

Exo. 31:3 അവൻ കൌശലപ്പണികളെ സങ്കല്പിച്ചു ചെയ്‌വാനും പൊന്നു, വെള്ളി, താമ്രം എന്നിവകൊണ്ടു പണി ചെയ്‌വാനും രത്നം വെട്ടി പതിപ്പാനും

Zech. 4:6 അവൻ എന്നോടു ഉത്തരം പറഞ്ഞതെന്തെന്നാൽ: സെരുബ്ബാബേലിനോടുള്ള യഹോവയുടെ അരുളപ്പാടാവിതു: സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.

C. എല്ലാ സഭകളിലുമുള്ള എല്ലാ വിശുദ്ധന്മാരും പ്രാർഥനയിൽ ഉറ്റിരിക്കുന്നുവെങ്കിൽ, പ്രത്യുദ്ധാരം വളരെയധികം സമ്പുഷ്ടമാക്കപ്പെടുകയും ഉയർത്തപ്പെടുകയും ചെയ്യും; കൂടാതെ, വിശുദ്ധന്മാർ കർത്താവിനെയും, അവന്റെ സാന്നിധ്യത്തെയും, തൽക്ഷണവും നിരന്തരവുമുള്ള അവന്റെ അഭിഷേകത്തെയും ആസ്വദിക്കും; ദിവസം മുഴുവൻ അവർ കർത്താവിന്റെ മുഖത്തുള്ള പുഞ്ചിരി ആസ്വദിക്കുകയും, ക്രിസ്തുവിന്റെ ജീവനുള്ള വ്യക്തി അവരുടെ അനുഭവവും ആസ്വാദനവും ആയിത്തീരുകയും ചെയ്യും.